**A**

**302**

# സമഗ്ര ശിക്ഷാ, കേരളം
## അർധവാർഷിക മൂല്യനിർണയം 2019-20
## മലയാളം

ക്ലാസ് - 3

സമയം: 2 മണിക്കൂർ

കുട്ടിയുടെ പേര് ..........................................

വിദ്യാലയത്തിന്റെ പേര് . . ..........................................

ഡിവിഷൻ ..........................................

രക്ഷിതാവിന്റെ ഒപ്പ് ..........................................

അധ്യാപകന്റെ ഒപ്പ് ..........................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | ഉത്തരമെഴുതാം | |
| 2 | സംഭാഷണമെഴുതാം | |
| 3 | ജീവചരിത്രക്കുറിപ്പ് തയാറാക്കാം | |
| 4 | കത്തെഴുതാം | |
| 5 | ആശംസാകാർഡ് തയാറാക്കാം | |
| 6 | കവിത പൂർത്തിയാക്കാം | |
| ഓവറോൾ ഗ്രേഡ് | | |

1. താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലു പ്രവർത്തനങ്ങൾക്കു മാത്രം ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുൻപ് പതിനഞ്ച് മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ ഇതിലെ സ്ഥലം മതിയാവാതെ വരികയാണെങ്കിൽ അധിക കടലാസ് ഉപയോഗിക്കാവുന്നതാണ്.

## പ്രവർത്തനം 1 - ഉത്തരമെഴുതാം

താഴെക്കൊടുത്തിരിക്കുന്ന വിവരണം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെഴുതുക.

പ്രിയപ്പെട്ട കൂട്ടുകാരേ, എന്നെ നിങ്ങൾക്കെല്ലാവർക്കുമറിയാം. എന്റെ പീലികൾ നിങ്ങൾ പുസ്തകത്താളുകൾക്കിടയിൽ സൂക്ഷിച്ചുവെയ്ക്കാറുണ്ട്. എന്റെ നൃത്തവും നിങ്ങൾക്ക് ഏറെ ഇഷ്ടമാണ്. ഞങ്ങൾ മണ്ണിൽനിന്ന് പ്രാണികളെയും മറ്റും ചികഞ്ഞെടുത്ത് കൊത്തിത്തിന്നുന്ന രീതി കണ്ടിട്ടാവാം ഇംഗ്ലീഷുകാർ 'പീകോക്ക്' എന്ന് ഞങ്ങൾക്കു പേരിട്ടത്. ഹിന്ദിയിൽ ഞങ്ങളിൽ ആണിനെ 'മോർ' എന്നാണു പറയുക. പെണ്ണിനെ 'മോർണി' എന്നും വിളിക്കും. 'മയൂരം' എന്ന പേര് ഞങ്ങൾക്കു വന്നത് സംസ്കൃതഭാഷയിൽനിന്നാണ്. ഞങ്ങൾക്ക് അങ്ങനെ എത്രയെത്ര മനോഹരമായ പേരുകൾ! ഞങ്ങളിൽ ആൺമയിലുകളാണ് പീലി വിടർത്തി മനോഹരമായി നൃത്തം ചെയ്യുന്നത്. വളരെ ചെറിയ ദൂരം മാത്രമേ ഞങ്ങൾക്ക് പറക്കാൻ കഴിയൂ. ധാന്യങ്ങൾ, പഴങ്ങൾ, പാമ്പുകൾ, എലികൾ തുടങ്ങിയവയാണ് ഞങ്ങളുടെ ആഹാരം. ഇന്ത്യാരാജ്യം ഞങ്ങൾക്ക് വലിയ അംഗീകാരം നൽകിയിട്ടുണ്ട്. അതെന്താണെന്ന് നിങ്ങൾക്കറിയാമല്ലോ.

(1) സംസ്കൃതഭാഷയിൽ മയിലുകൾക്കു പറയുന്ന പേരെന്താണ്?

(എ) മോർണി (ബി) പീകോക്ക് (സി) മയൂരം (ഡി) മോർ

(2) മയിലുകൾക്ക് 'പീകോക്ക്' എന്ന പേരു വരാൻ കാരണമായി പറയുന്നതെന്താണ്?

(എ) മയിലുകൾ നന്നായി നൃത്തം ചെയ്യുന്നത്.

(ബി) മയിലുകൾ പ്രാണികളെയും മറ്റും മണ്ണിൽനിന്നു ചികഞ്ഞെടുത്ത് കൊത്തി ത്തിന്നുന്ന രീതി.

(സി) മയിലുകൾക്ക് നീണ്ട പീലികൾ ഉള്ളത്.

(ഡി) മയിലുകൾ ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുന്നത്.

(3) താഴെപ്പറയുന്നവയിൽ ആൺമയിലുകളുടെ മാത്രം പ്രത്യേകതയായി സൂചിപ്പിക്കുന്നതെന്താണ്?

(എ) മനോഹരമായി നൃത്തം ചെയ്യും

(ബി) നന്നായി പാട്ടു പാടും

(സി) നല്ല ദൂരത്തിൽ പറക്കും

(ഡി) ധാന്യങ്ങളും പഴങ്ങളും ആഹാരമാക്കും

(4) മയിൽ സ്വന്തം കഥ പറയുന്നത് വായിച്ചല്ലോ? ഇത്തരം കഥകൾക്ക് പറയുന്ന പേരെന്താണ്?

(എ) ജീവചരിത്രം

(ബി) ഗുണപാഠം

(സി) കടങ്കഥ

(ഡി) ആത്മകഥ

(5) ഇന്ത്യാരാജ്യം മയിലുകൾക്കു നൽകിയ അംഗീകാരമെന്താണ്?

(എ) ഏറ്റവും ഭംഗിയുള്ള പക്ഷി

(ബി) ദേശീയ പക്ഷി

(സി) വിവിധ പേരുകളുള്ള പക്ഷി

(ഡി) നൃത്തക്കാരനായ പക്ഷി

## പ്രവർത്തനം 2 - സംഭാഷണമെഴുതാം

'എലിയും പൂച്ചയും' എന്ന പാഠഭാഗത്തിൽ ഇര തേടി നടന്ന പൂച്ച വലയിൽ കുടുങ്ങിയത് ഓർക്കുന്നില്ലേ? എലി വന്ന് രക്ഷപ്പെടുത്തിയ പൂച്ച വളരെ വൈകിയാണ്

വീട്ടിൽ തിരിച്ചെത്തിയത്. വീട്ടിൽ തിരിച്ചെത്തിയ പൂച്ചയും കുഞ്ഞിപ്പൂച്ചയും തമ്മിൽ നടന്നിരിക്കാവുന്ന സംഭാഷണം എഴുതാമോ?

കുഞ്ഞിപ്പൂച്ച : എവിടെയായിരുന്നു ഇത്രയും നേരം?

പൂച്ച : ......................................................................................................

## പ്രവർത്തനം 3 ജീവചരിത്രക്കുറിപ്പ് തയാറാക്കാം

രസകരമായ കുട്ടിക്കവിതകളും കഥകളും നമുക്ക് സമ്മാനിച്ച കുഞ്ഞുണ്ണിമാഷിന്റെ ജീവചരിത്രക്കുറിപ്പ് നിങ്ങൾക്കറിയാവുന്ന വിവരങ്ങളും താഴെക്കൊടുത്തിരിക്കുന്ന സൂചനകളും കൂട്ടിച്ചേർത്ത് തയാറാക്കൂ.

വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചു വളർന്നാൽ വിളയും
വായിക്കാതെ വളർന്നാൽ വളയും

ജനനം 1927 മെയ് 10



**കൃതികൾ**

പഴമൊഴിപ്പത്തായം
കഥകളും കാര്യങ്ങളും
പഴങ്കവിതകൾ
..................................
..................................

കേരള സാഹിത്യ അക്കാദമി അവാർഡ്

ബാലസാഹിത്യ അക്കാദമി അവാർഡ്

2006 മാർച്ച് 26 ന് അന്തരിച്ചു

അമ്മ : അതിയാരത്ത് നാരായണിയമ്മ
അച്ഛൻ : ഞായപ്പള്ളി ഇല്ലത്ത് നീലകണ്ഠൻ മൂസത്

**പ്രവർത്തനം - 4 കത്തെഴുതാം**

'മഞ്ഞപ്പാവാട' എന്ന കഥയിലെ പെൺകുട്ടിയുടെ സങ്കടം എന്തായിരുന്നുവെന്ന് നിങ്ങൾക്കറിയാമല്ലോ? അവളെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു കത്തു തയാറാക്കൂ.

## പ്രവർത്തനം 5 - ആശംസാകാർഡ് തയാറാക്കാം

പുതുവത്സരാഘോഷം ഗംഭീരമാക്കാനുള്ള തയാറെടുപ്പിലാണ് അനു. അനു തന്റെ കൂട്ടുകാരിക്കു നൽകാനായി മനോഹരമായ ഒരു ആശംസാകാർഡ് തയാറാക്കിയിട്ടുണ്ട്. നിങ്ങളും നിങ്ങളുടെ കൂട്ടുകാരനോ കൂട്ടുകാരിക്കോ നൽകുന്നതിനായി മനോഹരമായ ഒരു ആശംസാകാർഡ് തയാറാക്കൂ...

കാർഡിൽ ചിത്രങ്ങളും സന്ദേശവാക്യങ്ങളും ചേർക്കണം.

## പ്രവർത്തനം 6 - കവിത പൂർത്തിയാക്കാം

ഉചിതമായ തലക്കെട്ടു നൽകണം

പച്ചത്തത്തകൾ പാറിപ്പോരും
പച്ചവിരിച്ചൊരു പാടത്ത്
മഞ്ഞയുടുപ്പുമണിഞ്ഞെത്തുന്നൂ
പൂന്തേനുണ്ണും പൂമ്പാറ്റ

.................................................................

.................................................................

.................................................................

.................................................................

.................................................................